(സി) നിയമ തടസ്സങ്ങൾ ഇല്ല.

(ഡി) ബാധകമല്ല.

ട്രഷറി നിക്ഷേപം

18 [3303] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി നിയന്ത്രണം ഇപ്പോൾ നിലവിലുണ്ടോ; 2001-2002, 2002-2003 വർഷങ്ങളിൽ എത്ര തവണ ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 2003 ഏപ്രിൽ ഒന്നിനുശേഷം എത്ര തവണ ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ട്രഷറി നിക്ഷേപം ഇപ്പോൾ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) 2003 മാർച്ച് 31-ന് മുമ്പായി എത്ര സംഖ്യ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിന്നായി ട്രഷറിയിൽ മടക്കി നിക്ഷേപിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) ട്രഷറി ഇടപാടുകളിൽ പുതുതായി നിയന്ത്രണങ്ങൾ ഇല്ല. എന്നാൽ 1990 മുതൽ നിലവിലുള്ള സ്ഥിര നിയന്ത്രണങ്ങൾ ഇപ്പോഴും തുടർന്നുവരികയും ചില ക്രമീകരണങ്ങൾ ഏർപ്പെടുത്തി വരുകയും ചെയ്യുന്നു.

(സി) 4101 കോടി 75 ലക്ഷം രൂപ.

(ഡി) കൃത്യമായ കണക്കുകൾ ലഭ്യമല്ല.

ചെക്കുകൾ തിരിച്ചുവാങ്ങി പുതിയവ നൽകുന്നതിനുള്ള നടപടി

19 [3304] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നൽകിയിട്ടുള്ള ചെക്കുകൾ ട്രഷറികളിൽ തിരിച്ചുവാങ്ങുവാനും പുതിയ ചെക്കുകൾ നൽകാനും ഗവൺമെന്റ് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ?

ഉത്തരം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം നൽകുന്നതിനുള്ള പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച ഗവൺമെൻറ് ഉത്തരവ് G.O.(P) No. 381/2003/Fin., തീയതി 9-7-2003 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജൂലായ് 1, 2003 മുതൽ നിലവിലുള്ള PD Account-കളിൽ നിന്നും നൽകിയ ചെക്കുകൾ തിരിച്ചു വാങ്ങി അവ റദ്ദു ചെയ്തശേഷം പുതിയതായി തുടങ്ങുന്ന PD Account-ൽ നിന്നും ചെക്ക് നൽകാനും ടി സ്ഥാപനങ്ങളുടെ നിലവിലുള്ള ജനറൽ/പ്ലാൻ പി.ഡി. അക്കൗണ്ടുകളിൽ ഉപയോഗിക്കാതെ അവശേഷിക്കുന്ന ചെക്കുകൾ, വിവിധ വകുപ്പുകളിൽ ഗവൺമെന്റ് സർക്കുലർ 28/03/Fin. തീയതി 20-3-2003 പ്രകാരം നിറുത്തലാക്കിയ റ്റി.പി. അക്കൗണ്ടുകളിൽ ഉപയോഗിക്കാതെ അവശേഷിക്കുന്ന ചെക്കുകൾ എന്നിവ അതാതു ട്രഷറികളിൽ തിരികെ നൽകാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly